## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 849** **30-06-2022 - ൽ മറുപടിയ്ക്ക്**

## കുണ്ടറ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാൻ കഴിയാത്തവയുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത കാലഘട്ടത്തിൽ അംബ്ദേദ്കർ ഗ്രാമം പദ്ധതി പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളിൽ എല്ലുകുഴി കോളനി (2019-20) നവീകരണം മാത്രമാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്. |
| (ബി) | മേൽപ്പറഞ്ഞവയിൽ പൂർത്തിയാക്കിയിട്ടില്ലാത്തവ ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | എല്ലുകുഴി കോളനിയിലെ ഉണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കം നിലനിന്നിരുന്നതിനാൽ മോണിറ്ററിങ് കമ്മിറ്റി തീരുമാനം ലഭ്യമായിട്ടില്ല. ആയതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021-22,2022-23 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (സി) | മുക്കുട് ജയന്തി കോളനി , പാലക്കട ജയന്തി കോളനി എന്നീ രണ്ടു കോളനികളെ 2021-22സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുകയുണ്ടായി.<br><br>മുക്കുട് ജയന്തി കോളനിയിൽ ആദ്യ മോണിറ്ററിംഗ് കമ്മിറ്റി കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പാലക്കട ജയന്തി കോളനിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ ഇല്ലാത്തതിനാൽ ആയത് ഉപേക്ഷിക്കുകയും, പകരം മറ്റൊരു കോളനിയെ എം.എൽ.എ.യുടെ ശിപാർശയോടെ നിർദേശിക്കുവാൻ അറിയിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രസ്തുത പദ്ധതിയിലേക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ